പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3033

13.07.2015 ൽ മറുപടിക്ക്

## അന്യസംസ്ഥാന ഭിക്ഷാടന മാഫിയയുടെ പ്രവർത്തനം

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന ഭിക്ഷാടന മാഫിയയുടെ പ്രവർത്തനങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഭിക്ഷാടന മാഫിയകൾ ചെറിയ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതും മോഷണങ്ങളും മറ്റ് കുറ്റകൃത്യങ്ങളും നടത്തുന്നതുമായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഭിക്ഷാടന മാഫിയകളെ ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ഇവരെ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) ഭിക്ഷാടന മാഫിയകൾ ചെറിയ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതും മോഷണങ്ങളും മറ്റ് കുറ്റകൃത്യങ്ങളും നടത്തുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭിക്ഷാടനക്കാർ വന്നിറങ്ങുവാനും കേന്ദ്രീകരിക്കുവാനും ഇടയുള്ള സ്ഥലങ്ങളായ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നീ സ്ഥലങ്ങളിൽ കർശനമായ നിരീക്ഷണം നടത്തി ഇത്തരക്കാരെ കണ്ടെത്തിയാൽ ഇവർക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹ്യ പ്രവർത്തകരുടെയും, സംഘടനകളുടെയും സഹായത്തോടെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭിക്ഷാടന മാഫിയകളുടെ പ്രവർത്തനം സംസ്ഥാനത്ത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും അന്യസംസ്ഥാന ഭിക്ഷാടനക്കാരെ കണ്ടെത്തുന്ന മുറയ്ക്ക് ഇവരെ സ്വന്തം സംസ്ഥാനത്ത് തിരിച്ചയക്കുന്നതിനോ പുനരധിവസിപ്പിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

Rajani.M

സെക്ഷൻ ഓഫീസർ